(സി) ഒന്നുമില്ല.

(ഡി) ഡിസ്ട്രിക്ട് സൂപ്രണ്ടുമാർ.

(ഇ) കേസു കോടതിയിൽ നടപടി നടന്നു വരുന്നതുകൊണ്ട് ഗവൺമെൻറ് നടപടി ഒന്നും എടുത്തിട്ടില്ല.

## Starred question Posted for answer on 26—2—1951

### കൺട്രോൾ സാധനങ്ങൾ

*൧൭൯. (൪൪) ശ്രീ. എസ്സ്. ശിവരാമനാചാരി: താഴെ പറയുന്ന ചോദ്യത്തിന് ബഹുമാനപ്പെട്ട സിവിൽസപ്ലൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

ജനങ്ങൾക്കു നിത്യോപയോഗത്തിനു കൺട്രോൾ ചെയ്തിട്ടുള്ള സാധനങ്ങൾ കമ്പോളങ്ങളിൽ ഒട്ടുംതന്നെ കിട്ടുന്നില്ലാ എന്നുള്ള പരാതി ബഹു. ഗവൺമെൻറിന്റെ ദൃഷ്ടിയിൽ പെട്ടിട്ടുണ്ടോ?

വിദ്യാഭ്യാസവും, ഭക്ഷ്യവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. ടി. കെ. നാരായണപിള്ള): ഇല്ല

## Starred Question posted for Answer on 26th February 1951

### വനംപതിവ്

*൧൭൭. (൬൯) ശ്രീ. എ. എൽ. ജേക്കബ്: താഴെ പറയുന്ന ചോദ്യത്തിനു ബഹുമാനപ്പെട്ട വനംവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

പള്ളിവാസൽ പകുതിയിൽ എത്ര ഏക്കർ സ്ഥലം ഇന്നുവരെ (ഒരു വർഷത്തിനുള്ളിൽ) ഇരുപതു വർഷത്തെ അവധിക്കു കുത്തകപ്പാട്ടത്തിനു കൊടുത്തിട്ടുണ്ടെന്നും അതു എത്ര പേക്കായിട്ടാണ് കൊടുത്തിട്ടുള്ളതെന്നും, ആ സ്ഥലങ്ങളിലെ തടികൾ തിട്ടം വരുത്തി സൂക്ഷിച്ചുകൊള്ളാമെന്നു എഴുതി വെപ്പിച്ചിട്ടുണ്ടോ കൊടുത്തിട്ടുള്ളതെന്നും, അങ്ങിനെ എഴുതി വെപ്പിച്ചിട്ടുണ്ടെങ്കിൽ ആകെ എത്ര തടികൾ ഇങ്ങിനെ സൂക്ഷിച്ചുകൊള്ളാമെന്നുള്ള ലിസ്റ്റിൽ പെട്ടിട്ടുണ്ടെന്നും ദയവുചെയ്ത പ്രസ്താവിക്കുമോ?

ചീഫ് മിനിസ്റ്റർ (ശ്രീ. സി. കേശവൻ): ൪൭൫൩.൨൫ ൪ എക്കർ സ്ഥലം ൧,൩൯൭ പേക്കായി കുത്തകപ്പാട്ടത്തിനു കൊടുത്തിട്ടുണ്ട്. കുത്തകപ്പാട്ട ഉടമ്പടിയിൽ തടികൾ സൂക്ഷിച്ചുകൊള്ളാമെന്നു എഴുതി വെപ്പിച്ചിട്ടുണ്ട്.

| | തടികളുടെ എണ്ണം |
|---|---|
| തേക്ക് | .. ൪,൪൧൧ |
| ഈട്ടി | .. ൧,൪൩൫ |
| മറ്റു മരങ്ങൾ | .. ൧൭,൩൫൦ |
| ആകെ | .. ൨൪,൩൯൬ |

## Starred Question posted for Answer on 27th February 1951

### ആലപ്പുഴ—ചേർത്തലത്തോട്

*൧൭൮. (൨) ശ്രീ. കെ. രാമകൃഷ്ണപിള്ള: താഴെ പറയുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും, ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

(എ) ആലപ്പുഴ—ചേർത്തലത്തോട് പണി ആരംഭിച്ചത് എന്നാണ്;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇതിനകം എത്ര മൈൽ ദൂരം പണി പൂർത്തിയായിട്ടുണ്ട്;

(സി) ഇതിനകം തോട്ടപണിക്ക് എത്ര രൂപാ ചിലവായി;

(ഡി) ഇപ്പോൾ പണി നടക്കുന്നുണ്ടോ;

(ഇ) തോടിന്റെ ആഴം കൂട്ടുന്നതിനു് ഡ്രഡ്ജർ വേല ആരംഭിച്ചതെന്നാണു്;

(എഫ്) തുടരെ ആ ജോലി നടന്നോ;

(ജി) നടന്നില്ലെങ്കിൽ അതിനു് കാരണം;

(എച്ച്) തോടിന്റെ പണി എന്നു പൂർത്തിയാകും?

ചീഫ് മിനിസ്റ്റർ (ശ്രീ. സി. കേശവൻ):

(എ) ഉവ്വ്.

(ബി) വെള്ളനിരപ്പുവരെ തോടിന്റെ മുഴുവൻ നീളമായ ൧൧ മൈൽ ൫,൧൫ ൦ അടിയും ൨ ൨൫൴-ൽ താഴ്ത്തിയിട്ടുണ്ട്. ഡ്രഡ്ജർ ഉപയോഗിച്ചു് ആലപ്പുഴനിന്നും ഏകദേശം നാലു മൈൽ വടക്കോട്ടു് താഴ്ത്തിക്കഴിഞ്ഞു.

(സി) ൫,൩൩,൴ ൦൩ രൂപാ.

(ഡി) ഇല്ല.

(ഇ) ൧൯൫൧ ഡിസംബർ മാസത്തിൽ.

(എഫ്) ഇല്ല. ൧൯൫൫ നവംബർ മാസംവരെ മാത്രമേ ജോലി നടത്തുള്ളു.

(ജി) ൧൯൫൫ നവംബർ മാസത്തിൽ ഡ്രഡ്ജറിനു കേടുപറ്റിയതിനാലും പിന്നീടു് എടത്വായ്ക്കു് കൊണ്ടുപോകേണ്ടിവന്നതിനാലും.

(എച്ച്) ഉടൻതന്നെയായി പണി നടത്തുവാനുള്ള സൗകര്യങ്ങൾ ഉണ്ടാകുന്നപക്ഷം ഒന്നരക്കൊല്ലംകൊണ്ടു് തീരുമെന്നു് ഉദ്ദേശിക്കുന്നു.

## Starred Question posted for Answer on 28th February 1951

### കുഴൽകിണറുകൾ

* ൧൨൧൯. (൯) ശ്രീ. കെ. രാമകൃഷ്ണപിള്ള: താഴെ പറയുന്ന ചോദ്യത്തിനു് ബഹുമാനപ്പെട്ട ആരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

൧൯൫൧-ൽ കുഴൽ കിണറുകൾ എത്തെല്ലാം താലൂക്കിൽ സ്ഥാപിച്ചിട്ടുണ്ടു്?

നിയമവും, ധനകാര്യവും, റവന്യൂവംവകുപ്പുമന്ത്രി (ശ്രീ. എ. ജെ. ജോൺ): കരനാഗപ്പള്ളി താലൂക്കിൽ ആലുങ്കടവു് എന്ന സ്ഥലത്തും കാർത്തികപ്പള്ളി താലൂക്കിൽ തെക്കെ കണ്ടലൂരിൽ കണ്ടൻപുരം എന്ന സ്ഥലത്തും കുഴൽ കിണറുകൾ സ്ഥാപിച്ചിട്ടുണ്ടു്. ഇതിൽ കണ്ടൻപുരത്തെ കുഴൽകിണറിന്റെ ജോലി പൂർത്തിയായില്ല.

## Starred Questions posted for Answer on 1st March 1951

### കൃഷിത്തോ

* ൧൨൨൦. (൫൭) ശ്രീ. എ. എൽ. ജേക്കബ്: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട കൃഷിവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

(എ) ദേവികുളം താലൂക്കിലെ പള്ളിവാസൽ പകുതിയിലും പീരുമേടു് താലൂക്കിലെ ഉപ്പുതറ പ്രദേശങ്ങളിലും അടുത്ത കാലത്തു കുത്തകപാട്ടത്തിനു കൃഷിക്കായി ഭൂമി കൊടുത്തതിൽ ദരിദ്രന്മാരുടെ അപേക്ഷകളെ അവഗണിച്ചുകൊണ്ടു് മറ്റുള്ളവർക്കു കൊടുത്തു എന്നുള്ള ആക്ഷേപം കിട്ടിയിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly